**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2439** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഭവനനിർമ്മാണത്തിൽ കേന്ദ്രസർക്കാർ നൽകുന്ന ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പാവപ്പെട്ടവരുടെ ഭവനനിർമ്മാണത്തിൽ കേന്ദ്രസർക്കാർ എത്ര രൂപയാണ് ധനസഹായമായി നൽകുന്നത് ; ഏതൊക്കെ സ്കീമുകൾ പ്രകാരമാണ് ഈ തുക നൽകുന്നത്; കേരളത്തിൽ 2016 മുതൽ ഇത് വരെ ഈ സ്കീമുകളിലായി എത്ര വീടുകൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്; ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സംസ്ഥാന സർക്കാർ എത്ര രൂപ വീതമാണ് ഇതിന്റെ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നത്; 2016 മുതൽ കേരളം ഈയിനത്തിൽ എത്ര പേർക്കായി എത്ര രൂപ ചെലവഴിച്ചു; | (എ) | പി.എം.എ.വൈ (ഗ്രാമം) പദ്ധതിയിൽ ഒരു ഗുണഭോക്താവിന് കേന്ദ്ര വിഹിതമായി 72,000 രൂപയും പി.എം.എ.വൈ (നഗരം) പദ്ധതിയിൽ ഒരു ഗുണ ഭോക്താവിന് കേന്ദ്ര വിഹിതമായി 1,50,000 രൂപയുമാണ് ലഭിക്കുന്നത്. കേരളത്തിൽ 2016 മുതൽ 31.01.2024 വരെ പി.എം.എ.വൈ (ഗ്രാമം) പദ്ധതിപ്രകാരം 35,190 വീടുകൾക്ക് അനുമതി ലഭിച്ചതിൽ 32,830 വീടുകളും പി.എം.എ.വൈ (നഗരം) പദ്ധതിയിൽ 1,11,648 വീടുകൾക്ക് അനുമതി ലഭിച്ചതിൽ 81,592 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്<br><br>വിവിധ കേന്ദ്ര / സംസ്ഥാന പദ്ധതികൾ കൂടി സംയോജിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് സംസ്ഥാനത്ത് പാവപ്പെട്ടവരുടെ ഭവനനിർമ്മാണ പദ്ധതിയായ ലൈഫ് ഭവനപദ്ധതി നടപ്പിലാക്കുന്നത്. പി.എം.എ.വൈ (ഗ്രാമം), (നഗരം) എന്നീ പദ്ധതികളുടെ ഭവന നിർമ്മാണ ധനസഹായവും ലൈഫ് ഭവനപദ്ധതിയുടേതിന് തുല്യമാക്കി പൊതുവിഭാഗം, പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് 4 ലക്ഷം രൂപയും പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് 6 ലക്ഷം രൂപയായും ഏകീകരിച്ച് നടപ്പിലാക്കിയതിനാൽ പി.എം.എ.വൈ(ഗ്രാമം) പദ്ധതിയിൽ 3,28,000 രൂപ സംസ്ഥാന/ ത്രിതല പഞ്ചായത്ത് വിഹിതമായും പി.എം.എ.വൈ (നഗരം) പദ്ധതിയിൽ 2,50,000 രൂപ സംസ്ഥാന/ നഗരസഭ വിഹിതമായും ഗുണഭോക്താ ക്കൾക്ക് അനുവദിക്കുന്നു.<br><br>2016 മുതൽ പി.എം.എ.വൈ (ഗ്രാമം) പദ്ധതിയിലെ 32,830 ഗുണ ഭോക്താക്കൾക്കായി സംസ്ഥാന സർക്കാർ വിഹിതവും ത്രിതല പഞ്ചായത്ത് വിഹിതവു മുൾപ്പെടെ 1389.11 കോടി രൂപയും പി.എം.എ.വൈ |

| | | | |
|---|---|---|---|
| | | | (നഗരം) പദ്ധതിയിലെ 81,592 ഗുണ ഭോക്താക്കൾക്കായി സംസ്ഥാന സർക്കാർ വിഹിതവും നഗരസഭ വിഹിതവുമുൾപ്പെടെ 2097.87 കോടി രൂപയും ചേർത്ത് ആകെ 3486.98 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ സംസ്ഥാനത്ത് ഇതിനോടകം പൂർത്തീകരിച്ചു; നിർമ്മാണം നടക്കുന്നത് എത്ര വീടുകളുടെയാണ്; ഭൂരഹിതർക്ക് ഭൂമിയും വീടും നൽകുന്ന പദ്ധതിയിൽ ഇതിനോടകം എത്ര പേർക്ക് ആനുകൂല്യം നൽകി എന്ന കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (ബി) | 31.01.2024 വരെ 3,74,508 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1,19,163 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ഭൂരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 34,057 ഗുണ ഭോക്താക്കൾക്ക് ഭൂമി ലഭ്യമായിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പറവൂരിൽ നിർമ്മിക്കുന്ന ലൈഫ് ഫ്ലാറ്റ് സമുച്ചയം എത്ര പേർക്ക് നൽകുന്നതിനാണ് വിഭാവനം ചെയ്തത്; നിർമ്മാണത്തിൽ ഉണ്ടായ തടസ്സം എന്താണ്; നിർമ്മാണം പുനരാരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (സി) | അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പുന്നപ്ര ഗ്രാമപഞ്ചായത്തിൽ നിർമ്മാണം ആരംഭിച്ച ലൈഫ് ഭവനസമുച്ചയത്തിൽ 156 ഭവന യൂണിറ്റുകളാണ് വിഭാവനം ചെയ്തത്. കരാർ നൽകിയതിനു ശേഷം കോവിഡ് 19 മഹാമാരി രാജ്യ വ്യാപകമായി പടർന്ന തിനാൽ നൂതന സാങ്കേതിക വിദ്യയിലുള്ള നിർമ്മാണത്തെ (നിർമ്മാണ സാമഗ്രികളുടെയും വിദഗ്ധ തൊഴിലാളികളുടേയും ലഭ്യതയെ)സാരമായി ബാധിച്ചു. ഈ കലയളവിൽ ഇരുമ്പിന്റെ കമ്പോള വിലയിൽ വലിയ വർദ്ധനവ് ഉണ്ടാവുകയും കരാറുകാരൻ കരാർ തുകയിൽ വർദ്ധനവ് ആവശ്യ പ്പെട്ടുകൊണ്ട് 10.03.2022 മുതൽ നിർമ്മാണം നിർത്തി വയ്ക്കുകയും ചെയ്തു. കരാർ കമ്പനി നിർമ്മാണം പുനരാരംഭിക്കാത്ത സാഹചര്യത്തിൽ 06.10.2023-ൽ കരാർ റദ്ദ് ചെയ്യുകയുണ്ടായി. ബാക്കി നിർമ്മാണ പ്രവർത്തന ങ്ങൾക്ക് റീ-ടെണ്ടർ ക്ഷണി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ജില്ല | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | നിർമ്മാണ പുരോഗതിയിലുള്ള വീടുകളുടെ എണ്ണം | ഭൂമി ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 48569 | 18413 | 2475 |
| കൊല്ലം | 32322 | 9517 | 5453 |
| പത്തനംതിട്ട | 10469 | 4753 | 1358 |
| ആലപ്പുഴ | 27037 | 7950 | 1872 |
| കോട്ടയം | 14306 | 4871 | 2577 |
| ഇടുക്കി | 22113 | 5345 | 2268 |
| എറണാകുളം | 27828 | 7745 | 3011 |
| തൃശ്ശൂർ | 26503 | 7965 | 3355 |
| പാലക്കാട് | 41658 | 10984 | 3310 |
| മലപ്പുറം | 41724 | 17973 | 3768 |
| കോഴിക്കോട് | 26471 | 9515 | 1253 |
| വയനാട് | 24163 | 4924 | 1011 |
| കണ്ണൂർ | 16986 | 4683 | 1099 |
| കാസർഗോഡ് | 14359 | 4525 | 1247 |
| **ആകെ** | **3,74,508** | **1,19,163** | **34,057** |